പതിമൂന്നാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. 2797

14/12/2015ലെ
മറുപടിയ്ക്ക്

## വിദ്യായാത്ര പദ്ധതി

| ചോദ്യം<br>ശ്രീ. വി.ശശി എം.എൽ.എ | | ഉത്തരം<br>ശ്രീ. എ.പി. അനിൽകുമാർ<br>പട്ടികജാതി പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി | |
|---|---|---|---|
| (എ) | വിദ്യായാത്ര പദ്ധതിയുടെ ലക്ഷ്യം എന്തെല്ലാമാണ് ; | (എ) | പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ പഠനത്തിന് പ്രോത്സാഹനം നൽകുക, വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് നിയന്ത്രിക്കുക, എന്നീ ലക്ഷ്യത്തോടെയാണ് സർക്കാർ/എയിഡഡ് സ്കൂളുകളിൽ 2011-12 അധ്യയനവർഷം എട്ടാം ക്ലാസ്സിൽ പഠിച്ചിരുന്ന മുഴുവൻ പട്ടികജാതി വിദ്യാർത്ഥികൾക്കും സൈക്കിൾ നൽകുന്ന പദ്ധതി നടപ്പിലാക്കിയത്. |
| (ബി) | ഈസർക്കാർ അധികാരമേറ്റശേഷം പ്രസ്തുത പദ്ധതിക്കായി ഓരോ വർഷവും എത്ര തുക വകയിരുത്തിയിട്ടുണ്ടെന്നും അതിൽ എത്ര തുക ചെലവാക്കിയെന്നും വെളിപ്പെടുത്തുമോ ; | (ബി) | ഈ സർക്കാരിന്റെ 100 ദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി 2011-12 വർഷത്തിൽ മാത്രമാണ് വിദ്യായാത്ര പദ്ധതി നടപ്പിലാക്കിയത്. 1560 ലക്ഷം രൂപയാണ് പദ്ധതിയ്ക്കായി അനുവദിച്ചിരുന്നത്. അതിൽ 1514.64 ലക്ഷം രൂപ ചെലവഴിച്ചു. |
| (സി) | പ്രസ്തുത പദ്ധതിയിൻ കീഴിൽ എത്ര വിദ്യാർത്ഥികൾക്ക് സൈക്കിൾ വാങ്ങി നൽകിയെന്നും ഇതിനായി എത്ര തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കാമോ ? | (സി) | പ്രസ്തുത പദ്ധതി പ്രകാരം 50488 കുട്ടികൾക്ക് സൈക്കിൾ വാങ്ങുന്നതിനായി 1514.64 ലക്ഷം രൂപ ചെലവഴിച്ചു. |

Sali K.T
സെക്ഷൻ ഓഫീസർ